**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**

**Hazrat Khalifathullah Munir Ahmad Azim (A)**

**May 26, 2017 / 29 Shabaan 1438 Hijira)**

# THE VALUE OF RAMADAN / റമദാന്റെ മൂല്യം

**സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅ വ്വദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം റമദാന്റെ മൂല്യം എന്ന വിഷ യത്തെക്കുറിച്ച് വെള്ളിയാഴ്ച ഖുത്തുബആരംഭിക്കുകയുണ്ടായി.**

1. അൽഹംദുലില്ലാഹ് സുമ്മ അൽഹംദിലില്ലാഹ്, ഇന്ന് 2017 മെയ് 26 മയോട്ടിയിലെ നമ്മുടെ പള്ളി ഔദോഗികമായി പ്രവർത്തനമാരാംഭിച്ചിരിക്കുന്നു. നമ്മുടെ അംഗങ്ങൾ പുതിയ പള്ളിയിൽ അവരുടെ പ്രഥമ ജും ആ നിർവ്വഹിക്കുകയും നമസ്ക്കരിക്കുകയും ചെയ്തു. ഹസ്രത് ഉമ്മുൽ മുഅ്മിനീൻ ഫസ്ൽ അമേന മസ്ജിദ് എന്നാണ് പള്ളിയുടെ പേര്. 2017 മെയ് 25 ന് ഇന്നലെ നമ്മുടെ അംഗങ്ങൾ ഒരു പ്രത്യേകം യോഗം ചേരുകയും ഒരുമിച്ച് ഭക്ഷണം കഴിക്കുകയും ചെയ്യുകയുണ്ടായി. അൽഹംദുലില്ലാഹ് സുമ്മ അൽ ഹംദുലില്ലാഹ് മയോട്ടിയിലെ നമ്മുടെ അംഗങ്ങൾ യഥാർത്ഥത്തിൽ നല്ല പ്രവർത്തനത്തിലാണ്. (ദീനിരംഗത്തും പള്ളി നിർമ്മാണത്തിലും) ദുഃശക്തികൾ ഒരു കഷണം ഇരുമ്പ് ഷീറ്റ് എടുത്തുകൊണ്ട് പോയി എന്നാൽ അതിന് ശേഷം, അല്ലാഹു ഒന്നിന് പകരം, അതേസ്ഥലത്ത്, അനേകം ഇരുമ്പ് ഷീറ്റുകൾ ഉയർത്തിയിരിക്കുന്നു. ഇപ്പോഴിതാ നമ്മുടെ അംഗങ്ങൾക്ക് അവരുടെ പള്ളി വിജയകരമായി ലഭ്യമായിരിക്കുന്നു. ഇരുമ്പ് ഷീറ്റിനാൽ നിർമ്മിക്കപ്പെട്ടിരിക്കുകയാണ് പള്ളി. എന്നാൽ ഈ നിർമ്മാണം ഹസ്രത് മുഹമ്മദ് (സ) യുടെ കാലത്തുണ്ടായ ഒരു സംഭവത്തെ ഉണർത്തുന്നു. അന്നവിടെ നിർമ്മിച്ച പണി തടി

കൊണ്ടുള്ളതായിരുന്നു. മേൽക്കൂര ഈന്തപ്പനമടലും, ഈന്തപ്പന ഇലകളുമായിരുന്നു. എന്നാൽ ഈമാൻ കോൺക്രീറ്റ് പോലെ ശക്തമായിരുന്നു.

2. മാറ്റത്തിന്റെ ഇമാമായി, അല്ലാഹുവിന്റെ ഖലീഫ എന്ന നിലയിൽ ഔദ്യോഗികമായി അല്ലാഹു (ത) എന്നെ ഉയർത്തിയിട്ട്, അല്ലാഹുവിന്റെ അനുഗ്രഹത്താൽ 9 വർഷങ്ങൾ പിന്നിടുന്നു. 2008 മെയ് 26 രാത്രിയിൽ, മഗ്‌രിബ് ഇശാഅ് നമസ്ക്കാരനന്തരം, എന്നിൽ അല്ലാഹുവിന്റെ വെളിപാടുകൾ ഇറക്കുകയുണ്ടായി. ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ഖലീഫയാണ് എന്ന് പ്രാഖ്യാപിക്കുവാൻ അതുകൊണ്ട് തന്നെ ജമാഅത്ത്ുസ്സഹിഹീൽ ഇസ്ലാമിന്റെ ചരിത്രത്തിൽ 26 മെയ് ഒരു ചരിത്രദിനം തന്നെയാണ്, അതുപോലെ നിങ്ങൾക്കെല്ലാമറിയാവുന്നതുപോലെ 26 മെയ് നമ്മുടെ പ്രിയ വാഗ്ദത്തമസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) വഫാത്തായതും പ്രസ്തുത ദിനത്തിലാണ്. അല്ലാഹു (ത) അദ്ദേഹത്തിന്റെ മേൽ സ്വർഗ്ഗീയ സൗരഭ്യം നിറക്കട്ടെ ! അവന്റെ അനന്തമായ കാരുണ്യവും സ്നേഹവും അദ്ദേഹത്തിന്റെ മേൽ ചൊരിയട്ടെ ! ആമീൻ

3. ഇന്ന് 2017 മെയ് 26, യു ട്യൂബ് ചാനൽ, സഹീഹ് അൽ ഇസ്ലാം ആരംഭിച്ചിട്ട് 5 വർഷങ്ങൾ പിന്നിടുന്നു എന്നതും ഇവിടെ സ്മരിക്കുകയാണ് അൽഹംദുലില്ലാഹ് ! സുമ്മ അൽഹംദുലില്ലാഹ് !

## പ്രഖ്യാപനങ്ങൾ

1. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുകർറം അമീർ ഡോ. താഹിർ സാഹിബും അദ്ദേഹത്തിനോടൊപ്പമുള്ള മറ്റ് അംഗങ്ങളും കേരളത്തിന്റെ വടക്കു ഭാഗത്ത് വളരെ മഹത്തായ ശ്രമങ്ങൾ നടത്തിയിരിക്കുന്നു. നമ്മുടെ ലഖുലേഖകൾ വടക്കു ഭാഗത്ത് വിതരണം ചെയ്യുന്നതിൽ അവർ ഏർപ്പെട്ടിരിക്കുന്നു. അതിലവർ വിജയിച്ചിരിക്കുന്നു.

2. കെ.പി. ഷംസുദ്ദീൻ സാഹിബ് ഖലീഫത്തുല്ലാഹ്‌യുടെ ആഗമന പ്രാധാന്യം അറിയിക്കുന്ന നോട്ടീസുകൾ പള്ളികളിൽ എത്തിക്കുന്ന

ശ്രമത്തിലേർപ്പെട്ടിരിക്കുന്നു. അദ്ദേഹം ഏകനായി ഈ ശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്നു. എന്നാൽ അല്ലാഹു അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. അൽഹംദുലില്ലാഹ്

3. ട്രിപ്പിൾ ത്വലാഖ് എന്ന വിഷയത്തെ ആസ്പദമാക്കി വിശുദ്ധഖുർആന്റെയും പ്രവാചകവചനത്തിന്റെയും അടിസ്ഥാനത്തിൽ സംസാരിക്കുവാൻ സൗത്തു കേരള അമീർ മുകർറം ജമാലുദ്ദീൻ സാഹിബിന് ഒരു ക്ഷണം തലസ്ഥാന നഗരിയിൽ നിന്നും ലഭിക്കുകയുണ്ടായി. പ്രി. എൻ പണിക്കർ ഫൗണ്ടേഷൻ, തിരുവനന്തപുരം. വളരെ പ്രശസ്തരായ വ്യക്തികൾ പ്രസ്തുത സമ്മേളനത്തിൽ ഹാജരായിരുന്നു. എന്റെ ലേഖനങ്ങളും വെള്ളിയാഴ്ച ഖുത്തുബകളും അടിസ്ഥാനമാക്കിയാണ് സംസാരിച്ചത്. ഭൂരിഭാഗം പേരും പ്രസ്തുത പ്രഭാഷണത്തെ അഭിനന്ദിക്കുകയുണ്ടായി. ഭൂരിപക്ഷ മുസ്ലിംകൾക്ക് മൂന്ന് ത്വലാഖ് ഒരു മിച്ചു ചൊല്ലുന്നത് ശരിയാണെന്ന് പറയുന്നവർക്കുള്ള എതിർപ്പ് സ്വാഭാവികം മാത്രം. നമ്മുടെ വീക്ഷണം അമീർ സാഹിബ് പ്രകടിപ്പിച്ചപ്പോൾ പൊതു ജനം നല്ല നിലയിൽ സ്വാഗതം ചെയ്യുകയുണ്ടായി. ദൈവദൂതൻ എന്ന നിലയിലും വിനീതസേവകനെന്ന നിലയിലുള്ള എന്റെ ജീവിത ചരിത്രഭാഗവും ആസദസ്സിൽ വായിച്ചു കേൾപ്പിക്കുവാനുള്ള അവസരം പ്രയോജനപ്പെടുത്തുകയുണ്ടായി.

4. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ ആത്മീയ നേതാവെന്ന നിലയിൽ ഞാനും എന്റെ ജമാഅത്തും ബ്രീട്ടനിൽ മാഞ്ചസ്ററിൽ ഈ ആഴ്ച ആദ്യമുണ്ടായ ഭീകരാക്രമണത്തെ ശക്തമായ നിലയിൽ അപലിക്കുകയാണ്. ഈ കാര്യം വളരെ വിശദമായി മുമ്പ് സംസാരിച്ചിട്ടുള്ളതാകുന്നു. അധികം താമസിയാതെ വെബ്സൈറ്റിൽ പോസ്ററു ചെയ്യുന്നതാണ്.

# The Value of Ramadan / റമദാന്റെ വില അഥവാ മൂല്യം

റമദാൻ അല്ലാഹു (ത) മുസ്ലിംകൾക്ക് നല്കിയിരിക്കുന്ന വളരെ മഹത്തായ ഒരനുഗ്രഹമാണ്. ഇതിന് അർഹമായ പരിഗണന നല്കിയാൽ മാത്രമെ ഇതിലൂടെ ലഭ്യമാകുന്ന അനുഗ്രഹങ്ങൾ നമുക്ക് കാണുവാൻ സാധിക്കുകയുള്ളു. അല്ലെങ്കിൽ അനേകം റമദാൻ വന്നുകൊണ്ടും പൊയ്ക്കൊണ്ടുമിരിക്കും, പ്രത്യേകിച്ച് യാതൊരു പ്രയോജനവുമില്ലാതെ! റമദാന്റെ നന്മകളെ പ്രതിപാദിക്കുന്ന ഒരു പ്രവാചക വചനം ഞാൻ നിങ്ങളുടെ മുമ്പാകെ വെയ്ക്കുകയാണ്. അബൂമസൂദ് അൽശിഫാരി (റ) റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ ഹസ്രത് മുഹമ്മദ് (സ) പറഞ്ഞിരിക്കുന്നു. എന്റെ സമുദായം, ശരിക്കും റമദാൻ മാസത്തിന്റെ പ്രാധാന്യവും അതിന്റെ വിലയും നിലയും അറിഞ്ഞിരിന്നുവെങ്കിൽ, അവശേഷിക്കുന്ന വർഷം മുഴുവൻ റമദാൻ ആയിരിക്കുവാൻ അവർ ആഗ്രഹിക്കുമായിരുന്നു.

സൽമാൻ (റ) റിപ്പോർട്ട് ചെയ്ത മറ്റൊരു ഹദീസിൽ ശഅ്ബാൻ അവസാന ദിവസം പ്രവാചക പ്രഭു (സ) ഒരു പ്രഭാഷണം നടത്തുകയുണ്ടായി. അതിൽ അദ്ദേഹം പറഞ്ഞു. ഹേ ജനങ്ങളെ ഒരു മഹത്തായ മാസം ഇതാ നിങ്ങളെ സമീപിക്കുകയാണ്. ഈ അനുഗ്രഹിത മാസത്തിൽ 1000 മാസത്തേക്കാൾ പ്രതിഫലദായകമായ ഒരു രാത്രിയുണ്ട്. ഈ മാസത്തിൽ വ്രതാനുഷ്ഠാനം അല്ലാഹു പകൽ സമയം നിർബന്ധമാക്കിയിരിക്കുന്നു. രാത്രിയിൽ സുന്നത്തു നമസ്ക്കാരങ്ങളും നഫ്ൽ നമസ്കാരങ്ങളിലും നല്കിയിരിക്കുന്നു. (അതായത് വിശുദ്ധ ഖുർആനിൽ അല്ലാഹു (ത) പറഞ്ഞിരിക്കുന്നതു പോലെ തഹജ്ജുദ് നമസ്ക്കാരം, അതുപോലെ ഹസ്രത് ഉമർ (റ) നടപ്പിലാക്കിയ അതിമനോഹരമായ മഹത്വപൂർണ്ണമായ നൂതന കണ്ടെത്തലാണ് തറാവീഹ് നമസ്ക്കാരം, അതോടൊപ്പം ചേർത്തുവായ്ക്കേണ്ട കാര്യം എല്ലാ മുസ്ലിംകളും ഒരൊറ്റസംഘമായി, ഒരു ഇമാമിന്റെ കീഴിൽ, വിവിധ ചേരിയാകാതെ, ഐക്യത്തിന്റെ യഥാർത്ഥ സത്ത സജീവമായി നിലനിർത്തുവാൻ ശ്രമിക്കേണ്ടതാണ്. എല്ലാ മുസ്ലിംകളും ഒത്തൊരുമിച്ച്

ഒന്നായി, ഒരിമാമിന്റെ നേതൃത്വത്തിൽ, വിശിഷ്യാ, നിങ്ങൾക്കായി ഒരു ഇമാമിനെ അല്ലാഹു ഉയർത്തിയിരിക്കുന്ന ഈ കാലത്ത്, പരിവർത്തനത്തിന്റെ ഇമാമിനെ, ഖലീഫത്തുല്ലായെ, അതിലൂടെ വിഭാഗങ്ങൾ ഇല്ലാതാകുന്നു. ഹസ്രത് ഉമർ (റ) ന്റെ യാഥാർത്ഥ ഉദ്ദേശ ശുദ്ധിപോലെയായിതീരുന്നു. വീണ്ടും എല്ലാ ജനങ്ങളെയും ഒന്നാക്കി തീർക്കുവാൻ ഒറ്റയ്ക്ക് ഒററക്കായി ചിതറി കിടക്കുകയായിരുന്നവരെ, ഒറ്റയ്ക്ക് ഒറ്റയ്ക്ക് പ്രാർത്ഥിക്കുകയായിരുന്നവരെ, ഒരൊറ്റ ഇമാമിന്റെ കീഴിൽ, ഒരൊറ്റ സംഘമായി നിലനിർത്തുവാൻ. നന്മ നിറഞ്ഞ പ്രവർത്തനങ്ങളിലൂടെ ആരൊക്കെ അല്ലാഹുവിന്റെ സാമീപ്യം ആഗ്രഹിക്കുന്നുവോ അത്തരം വ്യക്തികൾക്ക് മറ്റു സമയങ്ങളിൽ ഒരു ഫർല് നിർവ്വഹിച്ച പ്രതിഫലം നല്കപ്പെടുന്നതാണ്. ആരാണോ ഒരു ഫർല് നിർവ്വഹിക്കുന്നത് അവന് മററു സമയങ്ങളിൽ 70 ഫർല് നിർവ്വഹിച്ച പ്രതിഫലം നല്കുന്നതാണ്.

ഈ മാസം സഹനത്തിന്റെ മാസമാണ്. സഹനത്തിന്റെ പ്രതിഫലം സ്വർഗ്ഗമാകുന്നു. ഈ മാസം തന്റെ സഹജീവികളോട് അനുകമ്പകാട്ടേണ്ട മാസമാകുന്നു. ഇത് യഥാർത്ഥ വിശ്വാസികളുടെ റിസ്ഖ് വർധിപ്പിക്കുന്ന മാസമാകുന്നു. ഒരു വ്രതാനുഷ്ഠാനക്കാരന് അസത്മയ സമയത്ത് അവന്റെ നോമ്പു തുറക്കുവാനുള്ള ഭക്ഷണം നല്കിയാൽ, ഭക്ഷണം നല്കിയവന്റെ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്, നരക ശിക്ഷയിൽ നിന്നും അവനു മോചനം ലഭിക്കുന്നതാണ്. ഭക്ഷണം നല്കിയവന്, വ്രതാനുഷ്ഠാനം ചെയ്തവന് കൊടുക്കുന്ന അതേ പ്രതിഫലം നല്കുന്നതാണ്. എന്നാൽ നോമ്പുകാരന്റെ പ്രതിഫലത്തിൽ ഒരു കുറവും വരുത്തുന്നതുമല്ല.

ഈ സന്ദർഭത്തിൽ ഞങ്ങൾ പറഞ്ഞു. അല്ലാഹുവിന്റെ ദൂതരെ ! നോമ്പുകാരന് നോമ്പു തുറക്കുവാനുള്ള ഭക്ഷണം കൊടുക്കുവാൻ ഞങ്ങളിൽ എല്ലാവരും കഴിവുള്ളവരല്ല. പ്രവാചകൻ (സ) പ്രതിവചിച്ചു. നോമ്പുകാരന് നോമ്പു മുറിക്കുവാൻ ഒരു ഈന്തപ്പഴം കൊടുക്കുകയോ, ഒരു ഗ്ലാസ്സ് ജലം കൊടുക്കയോ, അല്ലെങ്കിൽ ഒരല്പം പാൽ കൊടുക്കയോ ചെയ്താലും അല്ലാഹു അതേ പ്രതിഫലം നല്കുന്നതാണ്. ഈ മാസം അതിന്റെ

ആദ്യത്തിൽ അല്ലാഹുവിന്റെ കാരുണ്യം ഇറങ്ങുന്ന മാസമാണ്. മധ്യത്തിൽ അവന്റെ മാപ്പ് ഇറങ്ങുന്നതാണ്, അവസാനം നരകമോചന സമയമാണ്. ഈ മാസത്തിൽ ആരാണോ അവന്റെ ദാസന്മാരുടെ ഭാരം ലഘൂകരിക്കുന്നത്, അല്ലാഹു അവന് മാപ്പു ചെയ്യുന്നതാണ്, നരകാഗ്നിയിൽ നിന്നും അവരെ മോചിപ്പിക്കുന്നതാണ്.

ഈ മാസത്തിൽ, നാല് കാര്യങ്ങൾ, വളരെ കൂടുതലായി ചെയ്യേണ്ടതാണ്. അതിൽ രണ്ടു കാര്യങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ പ്രതീപ്പെടുത്തുവാനുള്ളതാണ്. അടുത്ത രണ്ടു കാര്യങ്ങൾ ഇവയില്ലാതെ അതു ചെയ്യുവാൻ കഴിയുകയില്ല. നിങ്ങളുടെ രക്ഷിതാവിനെ പ്രതീപ്പെടുത്തുവാനുള്ള ഒന്നാമത്തെ കാര്യം ലാഇലാഹ ഇല്ലലാഹ് (ആരാധനയ്ക്ക അർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല) എന്ന ദിക്ക്ർ അധികമായി ചൊല്ലിക്കൊണ്ടിരിക്കുക. രണ്ടാമത്തെ കാര്യം വളരെ കൂടുതലായി പാപമോചനത്തിനായി അർത്ഥിച്ചുകൊണ്ടിരിക്കുക എന്നതാണ്. ഇവയില്ലാതെ നിങ്ങൾക്ക് ചെയ്യുവാൻ കഴിയാത്ത കാര്യം, സ്വർഗ്ഗത്തിലേക്കുള്ള പ്രവേശനത്തിനായി യാചിച്ചുകൊണ്ടിരിക്കുക. നരകശിക്ഷയിൽ നിന്നുള്ള അഭയത്തിനായി അവനോട് അർത്ഥിച്ചുകൊണ്ടിരിക്കുക.

വ്രതമനുഷ്ഠിച്ചവന് ആരാണോ കുടിക്കുവാൻ ജലം നല്കുന്നത് ആ നല്കിയ ആൾക്ക്, എന്റെ ജലാശയത്തിൽ നിന്നും, അല്ലാഹു (ത) കുടിക്കുവാൻ അനുവദിക്കുന്നതാണ്. അപ്രകാരം ജലപാനം ചെയ്തവന്, സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതുവരെ അവന് ദാഹം അനുഭവപ്പെടുന്നതല്ല.

വ്രതാനുഷ്ഠാനക്കാരൻ, വ്രതമനുഷ്ഠിക്കുമ്പോൾ, ആറ് മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. അബൂഉബൈദ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ ദൂതൻ (സ) പറയുന്നതായി ഞാൻ കേട്ടു. വ്രതാനുഷ്ഠാനത്തെ ആദരിക്കുന്നവന് വ്രതാനുഷാഠാനം ഒരു പരിചയാണ് (ഇബ്നുമാജ /നിസായി /ഹക്കിം)

കവചം ഒരാളെ സംരക്ഷിക്കുന്ന അതേരീതിയിൽ, വ്രതാനുഷ്ഠാനം മനുഷ്യനെ ശപഥം ചെയ്ത ശത്രുവിൽ നിന്നും സംരക്ഷിക്കുന്നു. അതായത് സാത്താനിൽ നിന്നും സംരക്ഷിക്കുന്നു. മറ്റു ഹദീസുകളിൽ നിന്നും നാം മനസ്സിലാക്കുന്നു. വ്രതാനുഷ്ഠാനം പാരത്രികലോകശിക്ഷയിൽ നിന്നും അല്ലാഹു നമ്മെ രക്ഷിക്കുന്നു. മാത്രമല്ല നരകാഗ്നിയിൽ നിന്നും അതു നമുക്ക് സംരക്ഷണമൊരുക്കുകയും ചെയ്യുന്നു. ഒരിക്കൽ ആരോ ഒരാൾ അല്ലാഹുവിന്റെ ദൂതനോട് ചോദിച്ചു. വ്രതം എന്തിനെ ഇല്ലായ്മ ചെയ്യുന്നു? പ്രവാചകൻ (സ) പ്രതിവചിച്ചു. കള്ളം പറയുന്നതിനെ, പിന്നിൽ നിന്ന് കുത്തുന്നതിനെ, അതിമത്സരം നടത്തുന്നതിനെ, വ്യർത്ഥ തർക്കങ്ങളെ.

പരിശുദ്ധ പ്രവാചകന്റെ ഈ വചനങ്ങളെ നിങ്ങൾ അപഗ്രഥനം ചെയ്യുമ്പോൾ, അദ്ദേഹം (സ) പറയുകയുണ്ടായി കള്ളം പറയുന്നതും, പിന്നിൽ നിന്ന് കുത്തുന്നതും, പോരാടുന്നതും, വ്യർത്ഥ തർക്കങ്ങളും, വ്രതാനുഷ്ഠത്തെ ഇല്ലായ്മ ചെയ്യുന്നതാണ്, അന്ന പാനീയങ്ങൾ വ്രതത്തെ മുറിക്കുന്നതുപോലെ! അപ്പോൾ ഒരാൾ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ ചെയ്താൽ, വ്രതാനുഷ്ഠാനത്തിലൂടെ ലഭ്യമാകേണ്ട എല്ലാ പ്രതിഫലങ്ങളും അനുഗ്രഹങ്ങളും അവന് നഷ്ട്ടമാകുന്നു. പ്രഭാതത്തിൽ ഉണർന്ന് അവൻ ചെയ്ത എല്ലാ ത്യാഗങ്ങളും അല്ലാഹുവും അവന്റെ റസൂലും പറഞ്ഞ എല്ലാ ശാസനകളും പിന്തുടർന്നതും, ദിനത്തിന്റെ അന്ത്യത്തിൽ നിരോധിക്കപ്പെട്ട കാര്യത്തിൽ വ്യാവൃതനായതു മൂലം അവന് എല്ലാ നഷ്ടമാകുന്നു. ഇത് വാസ്തവത്തിൽ വളരെ ഗൗരവതരമായ ഒരു പാപമാണ്. വിശിഷ്യാ ഈ അനുഗ്രഹീത മാസത്തിൽ (അതായത് റമദാൻ മാസത്തിൽ)

**ആയതിനാൽ നാം വ്രതാനുഷ്ഠാനുത്തിലേർപ്പെടുമ്പോൾ, ആറ് മുൻകരുതലുകൾ നിർബന്ധമായും പാലിക്കേണ്ടതുണ്ട്**

1. പ്രസ്തുത വ്യക്തി (അതായത് വ്രതാനുഷ്ഠാനക്കാരൻ) അവന്റെ കണ്ണുകളെ സംരക്ഷിച്ചുകൊള്ളണ്ടതാണ്. നിരോധിക്കപ്പെട്ട കാര്യങ്ങളിലേക്ക് അവൻ നോക്കരുത്. നമ്മുടെ പ്രിയ പ്രവാചകൻ (സ) പറഞ്ഞു ഒരു നോട്ടം സാത്താനിൽ നിന്നു വരുന്ന

ഒരമ്പുപോലെയാകുന്നു. ആയതിനാൽ അല്ലാഹുവിനെ ഭയപ്പെടുന്ന ആൾ, തെറ്റായ കാര്യങ്ങൾ കാണുന്നതിൽ നിന്നും കണ്ണുകളെ സംരക്ഷിക്കേണ്ടതാണ് (അതായത് നിരോധിക്കപ്പെട്ട വസ്തുക്കളെയും ആളുകളെയും നോക്കരുത്) അത് സ്നേഹിതരോടുള്ള സംസാരമായാലുശരി,അത് ഫോണിലൂടായാകട്ടെ, മൊബൈലിലൂടെയാകട്ടെ അല്ലെങ്കിൽ ഇ-മെയിലിൽ വഴിയാകട്ടെ, നിങ്ങൾ വളരെ ജാഗ്രതയിലായിരിക്കേണ്ടതാണ്.കാരണംനിങ്ങളുടെ ഹൃദയത്തിലുണ്ടായിരുന്ന കടുകമണി ഈമാനെ അല്ലാഹു (ത) ഇതിലൂടെ നീക്കം ചെയ്യുന്നതാണ്. വിശിഷ്യാ അല്ലാഹു (ത) അവന്റെ ദീൻ ജോലി ചെയ്യുവാൻ നിങ്ങളെ തെരഞ്ഞെടുത്തതാണ്. ആയതിനാൽ നിങ്ങൾ ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുക. നിങ്ങൾ ഒരു തെരുവ് തെമ്മാടിയെ പോലെ പെരുമാറരുത്. നിരോധിക്കപ്പെട്ട എല്ലാ കാര്യത്തിൽ നിന്നും നിങ്ങൾ അകലം പാലിക്കുക. നിങ്ങളുടെ മേൽ അല്ലാഹു ചൊരിഞ്ഞ മാന്യതയും മഹത്വവും കാത്തുസൂക്ഷിക്കുക. അല്ലാഹു (ത) യുടെ തിരുദൂതൻ (സ) പറഞ്ഞു. ദൈവീകമായി നിങ്ങൾക്ക് നല്കപ്പെട്ട മാന്യതയും മഹത്വവും നിങ്ങൾ കാണിച്ചാൽ, അപ്പോൾ അല്ലാഹു (ത) നിങ്ങളുടെ ഈമാനിൽ ശക്തി അഥവാ പ്രഭാവം നല്കുന്നതാണ്. അതു നിങ്ങൾക്ക് ആസ്വദിക്കുവാനും വിശ്വാസ മധുരിമാ നിങ്ങളുടെ ഹൃദയങ്ങളിൽ നിന്നും നുകരുവാനും സാധിക്കുന്നതാണ്.

2. എല്ലാ നിരോധിക്കപ്പെട്ട കാര്യങ്ങളിൽ നിന്നും ഒരുവൻ തന്റെ നാവിനെ സംരക്ഷിക്കേണ്ടതാണ്. അതായത് കള്ളം പറയുക, വ്യർത്ഥ ഭാഷണം നടത്തുക പുറകിൽ നിന്നുകുത്തുക, തർക്കങ്ങളിലേർപ്പെടുക, മ്ലേച്ഛ വാക്കുകളുടെ പ്രയോഗം തുടങ്ങിയവ. ബുഖാരിയിർ റിപ്പോർട്ട് ചെയ്ത ഹദീസിൽ വ്രതാനുഷ്ഠാനാക്കാരന് വ്രതാനുഷ്ഠാനം ഒരു പരിചയാണ് എന്ന് നാം വായിക്കുന്നു. അതുകൊണ്ടാണ് വ്രതാനുഷ്ഠാനക്കാരനോട് പറയുന്നത് വ്രതാനുഷ്ഠാനത്തിലേർപ്പെടുന്നവൻ വ്യർത്ഥമായ എല്ലാ

കാര്യങ്ങളിൽ നിന്നും ദൂരപ്പെടുവാൻ ആവശ്യപ്പെടുന്നത്. ഇനി ഒരാൾ നമ്മോട് വഴക്കിനുവരുകയാണെങ്കിൽ നാം അവരോട് സൗമ്യമായി പറയണം ഞാൻ വ്രതാനുഷ്ഠാനക്കാരനാണ് എന്ന്. മറ്റൊരുവാക്കിൽ പറഞ്ഞാൽ നമ്മുടെ ഭാഗത്തു നിന്നും വഴക്കിനുള്ള ഒരു സാഹചര്യവും ഉണ്ടാവരുത്. ഇനി മറ്റൊരാൾ അത്തരം വഴക്കുണ്ടാക്കുവാൻ ശ്രമിച്ചാൽ അവരുടെ കെണിയിൽ നാം വീഴുകയുമരുത്.

പരിശുദ്ധ പ്രവാചകൻ (സ) യുടെ കാലത്ത്, രണ്ട് സ്ത്രീകൾ നോമ്പു പിടിച്ചു. ഒടുവിൽ അവരുടെ വിശപ്പ് അതിന്റെ പരമകാഷ്ഠയിലെത്തി. ഹൃദയ സ്പർക്കയായ അവസ്ഥയിലെത്തി. അങ്ങനെ അവർ മരണത്തിന്റെ വക്കിലെത്തി. സഹാബാക്കൾ (റ) അവരെ കാണാനായി പോയി. അവർ ഇരുവർക്കും ഓരോ പാത്രം നല്കുകയുണ്ടായി. അതിൽ ഛർദ്ദിക്കുവനായി, ഛർദ്ദിച്ചശേഷം നോക്കുമ്പോൾ അതിൽ രക്തവും മാംസക്കഷ്ണവുമുണ്ടായിരുന്നു. അത് അവരിൽ നിന്നും വന്നതായിരുന്നു. സഹാബാക്കൾ (റ) അത്ഭുതപ്പെട്ടു. പ്രവാചകൻ (സ) അവരോട് പറഞ്ഞു. ഈ രണ്ട് സ്ത്രീകൾ അല്ലാഹു (ത) അവർക്ക് അനുവദനീയമാക്കിയതുകൊണ്ട് വ്രതമനുഷ്ഠിച്ചു. എന്നിരുന്നാലും അവർ ഇരുവരും അല്ലാഹു (ത) അവരുടെ മേൽ നിഷിദ്ധമാക്കിയതു കൊണ്ട് അവരുടെ വ്രതാനുഷ്ഠാനം കളഞ്ഞുകുളിച്ചു. അവർ ഇരുവരും ഒരിടത്തിരുന്നു മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങൾ പറയുമായിരുന്നു.

പിന്നിൽ നിന്നു കുത്തുക എന്നത് വ്രതാനുഷ്ഠാനത്തിൽ ഒരു രീതിയിലും അനുവദനീയമല്ല എന്നത് പ്രസ്തുത ഹദീസിൽ നിന്നും വ്യക്തമാകുന്നുണ്ട്. അക്കാരണത്താലാണ് ആ രണ്ട് സ്ത്രീകൾ മരണ വക്കിലെത്തിയത്. എല്ലാ ദുഷ്ചെയ്തികളും വ്രതാനുഷ്ഠാനത്തെ ഇല്ലാതാക്കുന്നതാണ് എന്നതാണ് വസ്തുത. അനുഭവത്തിൽ നിന്നും മനസ്സിലാകുന്നത് നിഷ്കളങ്കരായ അല്ലാഹുവിന്റെ ദാസർക്ക് വ്രതാനുഷ്ഠാനം ഒരിക്കലും പ്രയാസകരമല്ല. അവർ മുതഖീങ്ങളാണ്. അവർക്ക് അല്ലാഹുവിനെ കുറിച്ച് ഹൃദയത്തിൽ ഭയമുള്ളവരായിരിക്കും.

അവരെ സംബന്ധിച്ചടത്തോളം വ്രതാനുഷ്ഠാനം ഒരിക്കലും ഒരു പരീക്ഷയല്ല. പാപികൾക്ക് വ്രതാനുഷ്ഠാനം എന്നും ഒരു കടുത്ത ആപത്ത് തന്നെ ആയിരിക്കും.

ഈ പ്രസംഗം ഇവിടെ അവസാനിക്കുന്നില്ല സമയ പരിമിതി മൂലം ഇന്നത്തേക്ക് ഇത് ഇവിടെ നിർത്തുകയാണ്. അംഗങ്ങൾക്ക് ജോലിക്കായി മടങ്ങിപോകേണ്ടതുണ്ട്. അടുത്ത വെള്ളിയാഴ്ച ഇതേ വിഷയം തുടരുവാനുള്ള തൗഫീഖ് അല്ലാഹു തരുമെന്ന് പ്രതീക്ഷിക്കുന്നു. ഇൻശാ അല്ലാഹ് ! ആറ് കാര്യങ്ങളിൽ രണ്ടെണ്ണം മാത്രമെ വിശദീകരിച്ചിട്ടുള്ളു. ബാക്കി നാലെണ്ണം അടുത്ത ആഴ്ചയിൽ ഇൻശാ അല്ലാഹ് ! വിശദീകരിക്കുന്നതാണ്.

ലോകമെങ്ങുമുള്ള എല്ലാ മുസ്ലിം സഹോദരങ്ങൾക്കും എന്റെ അനുയായികൾക്കും റമദാൻ മുബാറക്ക് ആശംസിക്കുകയാണ്. ഈ അനുഗ്രഹീത മാസത്തിൽ നിങ്ങളെ എല്ലാവരെയും അല്ലാഹു (ത) അനുഗ്രഹിക്കട്ടെ. റമദാൻ നമ്മെ തുറന്ന കയ്യോടെ സ്വീകരിക്കുവാൻ ഇതാ തയ്യാറായി വരുന്നു. തിരിച്ചും നാമും തുറന്ന കയ്യോടെ റമദാനെ സ്വീകരിക്കുവാൻ തയ്യാറാകണം. അല്ലാഹു (ത) നമുക്കായി നിയോഗിച്ചിരിക്കുന്ന ഈ അസാധാരണ വിശിഷ്യട അതിഥിയെ തുറന്ന കയ്യോടെ സ്വീകരിച്ച് ആലിംഗനം ചെയ്യുവാൻ നാമും തയ്യാറേകേണ്ടതാണ്. ഇത് സത്യമായും അല്ലാഹു (ത) നമ്മുടെ മേൽ ചൊരിയുന്ന നിധിയാണ്. ഈ നിധിയെ ഏറ്റവും നല്ല നിലയിൽ ഉപയോഗിക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. ഏറ്റവും നല്ല വഴി നമ്മുടെ പ്രീയ പ്രവാചകൻ മുഹമ്മദ് (സ) യുടെ സുന്നത് പിന്തുടരുക എന്നതു തന്നെയാണ് ഇൻശാ അല്ലാഹ് ! ആമീൻ

**Translated by:**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**